ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴപ്പലിശ ഈടാക്കാതെയും പുതുക്കി നൽകുന്നതിന് 2021 ജൂൺ 30 വരെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ സമയപരിധി അനുവദിച്ചിരുന്നു. പ്രസ്തുത സമയപരിധി 2021 ജൂലൈ 1 മുതൽ ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയെ സജീവമായി നിലനിർത്തുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ നബാർഡ് കേരള ഗ്രാമീൺ ബാങ്കിന് 1000 കോടി രൂപയും കേരള ബാങ്കിന് 1670 കോടി രൂപയും (800 കോടി രൂപ കാർഷിക ആവശ്യത്തിനും 870 കോടി രൂപ കാർഷികേതര ആവശ്യത്തിനും) സ്പെഷ്യൽ ലിക്വിഡിറ്റി ഫണ്ട്-2 (SLF-2) ആയി അനുവദിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും നടപ്പിലാക്കിയിരുന്ന ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി 31-8-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുമുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർ 31-8-2018 വരെ എടുത്തിട്ടുള്ള വായ്പകളും മറ്റ് 12 ജില്ലകളിലെ കർഷകർ 31-3-2014 വരെ എടുത്തിട്ടുള്ള വായ്പകൾക്ക് പരമാവധി 2 (രണ്ട്) ലക്ഷം രൂപ വരെ 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് (2007-ലെ 1-ാം ആക്ട്)-ലെ വ്യവസ്ഥകൾക്ക് വിധേയമായി കർഷക കടാശ്വാസ കമ്മീഷനിൽനിന്നും കടാശ്വാസം അനുവദിച്ചുവരുന്നു.

## ഉന്നത വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സൗകര്യ വികസനം

22 (*412) ശ്രീമതി ദെലീമ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് സർവ്വകലാശാലകളുടെയും അഫിലിയേറ്റഡ് കോളേജുകളുടെയും അടിസ്ഥാനസൗകര്യ വിപുലീകരണത്തിന് ബൃഹദ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

വിജ്ഞാന സമ്പദ്ഘടനയിലേക്ക് പരിവർത്തനം ചെയ്യുകയെന്ന നയത്തിനനുസൃതമായി ഉന്നത വിദ്യാഭ്യാസ രംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണങ്ങളെ സംബന്ധിച്ചുള്ള 6 സുപ്രധാന നിർദ്ദേശങ്ങൾ 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3 - 5 ലക്ഷം പേർക്കുകൂടി പഠന സൗകര്യങ്ങൾ

2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം

3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ

4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ, മുഖ്യമന്ത്രിയുടെ നവ കേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ

5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം

6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധന സഹായം സംസ്ഥാനത്തെ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയുടെ സഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് 16-6-2018-ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Ms) No.1131/2017/H.Edn പ്രകാരം 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടി രൂപവീതവും 12 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും ഉത്തരവായിരുന്നു. ഇതിനായി കോളേജുകളുടെ മാസ്റ്റർ പ്ലാൻ/ഡി.പി.ആർ. തയ്യാറാക്കാൻ KITCO-യുടെ ടെക്നിക്കൽ ടീമിനെ നിയമിച്ചിരുന്നു. KITCO ടെക്നിക്കൽ ടീം തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കോളേജുതലത്തിൽ അംഗീകരിച്ച് KITCO മുഖാന്തരം സർക്കാരിലേക്ക് സമർപ്പിക്കുകയും ആയത് പരിശോധിച്ച് KIIFB-യിലേയ്ക്ക് നൽകുന്നതിനുള്ള ഭരണാനുമതി KITCO-ക്ക് നൽകുകയും ആയതുപ്രകാരം അംഗീകരിച്ച മാസ്റ്റർ പ്ലാൻ/ഡി.പി.ആർ. KIIFB അവലോകനം നടത്തി 36 കോളേജുകൾക്ക് 260.77 കോടി രൂപ അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്തെ എൻറോൾമെന്റ് നിരക്കും ദേശീയ ശരാശരിയും എത്രയെന്ന് അറിയിക്കാമോ; സംസ്ഥാനത്ത് അത് എത്രയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ?

2019-20-ലെ ഹയർ എഡ്യൂക്കേഷൻ സർവ്വേപ്രകാരം സംസ്ഥാനത്തെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) 38.8 ശതമാനവും ആൾ ഇന്ത്യ റേഷ്യോ 27.1 ശതമാനവുമാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ

LIBRARY ARCHIVES Kerala Legislative Assembly

എൻറോൾമെന്റ് റേഷ്യോ 75 ശതമാനമായെങ്കിലും ഉയർത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സീറ്റ് വർദ്ധന, പുതിയ കോഴ്സുകൾ, ഗവേഷണ സൗകര്യങ്ങൾ എന്നിവയിലൂടെയാണ് ഇത് നേടുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താനും കാലിക പ്രധാന്യമുള്ള കോഴ്സുകൾ അനുവദിക്കാനും നിലവിലുള്ളവ ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളിലെ അഫിലിയേറ്റഡ് കോളേജുകളിലും കാലിക്കറ്റ്, മഹാത്മാഗാന്ധി, കുസാറ്റ്, കേരള, കണ്ണൂർ, സംസ്കൃത സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവയിലും 2020-21 അക്കാദമിക വർഷം New Generation Inter Disciplinary സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**ആശ്വാസ കിരണം പദ്ധതി**

23 (*413) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതിക്കായി 2018 മുതൽ ലഭിച്ച അപേക്ഷകൾ നാളിതുവരെ തീർപ്പുകല്പിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശ്വാസ കിരണം പദ്ധതിക്കായി ലഭിച്ച അമ്പതിനായിരത്തോളം അപേക്ഷകൾ തീർപ്പുകൽപ്പിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) കോവിഡും ലോക്ക്ഡൗണംമൂലം നിരാലംബരും രോഗികളും കഷ്ടത അനുഭവിക്കുന്ന സാഹചര്യത്തിൽ ആശ്വാസ കിരണം പദ്ധതിക്കായി ലഭിച്ച അപേക്ഷകൾ എത്രയും പെട്ടെന്ന് തീർപ്പുകൽപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly